# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിങ്ങര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPTA/ P-4/1145/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/ P-4/1145/23 തീയ്യതി: 29/11/2023

## പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 20-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 20-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്. ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്തൻ ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജോസ് ഈപ്പൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഗണപതി എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 16-11-2022 |
| ശ്രീമതി ജെനി ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 17-11-2022 | 31-03-2023 |
| ഡോ. സിന്ദ എം.പോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 27-08-2022 |
| ഡോ. രഞ്ജിനി എം.യു. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-08-2022 | 11-01-2023 |
| ശ്രീ. രാഗേഷ് ഗോകുൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 26-12-2022 |
| ശ്രീമതി ആതിര ആർ.എൽ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-12-2022 | 31-03-2023 |
| ഡോ. ഗോപിക എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. റൂൺ മറിയം മത്തായി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. നിസാം ഐ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-10-2022 |
| ശ്രീമതി സീമ കെ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ഡോ സുരേഷ് കുമാർ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ .സുജിത്ത് എസ് എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ .അജിമോൻ പി ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 31-03-2023 |
| ശ്രീ.രാഗേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 31-03-2023 |
| ശ്രീ .വിജി സേവ്യർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. ജയചന്ദ്രൻ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ശില്പ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു ജിങ്കാ ചാക്കോ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-01-2023 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യു ഹെഡിലേക്ക് മുതൽ കൂട്ടിയില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല | 1-1-5 |
| 7 | Beneficiary Contribution-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് കൃത്യതയില്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികൾ- ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കയിട്ടില്ല | 1-1-7 |
| 9 | ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-8 |
| 10 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | ഗ്രാന്റ് വിനിയോഗം-സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-4-1 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തനത് വിഭവ സമാഹരണം- അവലോകനം | 1-11 |
| 24 | ബജറ്റ് മാനുവ**ൽ** നി**ർ**ദ്ദേശങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കൽ -ഗുരുതരമായ നിയമലംഘനം | 1-12 |
| 25 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-13 |
| 26 | വാടക പിരിവ്-അപാകങ്ങൾ | 1-14 |
| 27 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |

| | | |
|---|---|---|
| 28 | ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല | 1-16 |
| 29 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു | 1-17 |
| 30 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-2,14,812 രൂപ | 1-18 |
| 31 | ഇ-ടെണ്ടർ ഫീസ് തിരികെ ഈടാക്കിയിട്ടില്ല | 1-19 |
| 32 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ | 1-20 |
| 33 | ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ്- 16000 രൂപ തിരികെ ലഭിച്ചില്ല | 1-21 |
| 34 | കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല | 1-22 |
| 35 | ഹോമിയോ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു | 1-23 |
| 36 | പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത | 1-24 |
| 37 | നെൽവിത്ത് വിതരണം-സബ്സിഡി തുക പാടശേഖരസമിതിയ്ക്ക് നൽകി | 1-25 |
| 38 | ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-26 |
| 39 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല; തുടർ നിരീക്ഷണം അനിവാര്യം | 1-27 |
| 40 | നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-28 |
| 41 | സ്മാർട്ട് അങ്കണവാടി നം.95 - മരാമത്ത് ജോലികൾ; എസ്റ്റിമേറ്റോ സാങ്കേതികാനുമതിയോ ഇല്ലാതെ നടപ്പാക്കി | 1-29 |
| 42 | വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 79 ലക്ഷം രൂപ ലാപ്സായി | 1-30 |
| 43 | സംയുക്ത പദ്ധതിൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ല; തുക തിരിച്ചടയ്ക്കണം | 1-31 |
| 44 | റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് | 1-32 |
| ഭാഗം **2** | | |
| 1 | റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് - 25432.32/- രൂപയുടെ വരവ് നഷ്ടം | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30-06-2023 ലെ 22(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 06-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ, ജില്ല ഓഡിറ്റ് കാര്യാലയം

29.11.2023 — പത്തനംതിട്ട

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14,22,471 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,06,07,896 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ റെവന്യൂ ഹെഡിലേക്ക് മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട തുകകൾ റെവന്യൂഹെഡിലേക്ക് മുതൽ കൂട്ടിയില്ല.

### 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി, സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-5 Liability In Respect Of Stale Cheques- തുക ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി-9: Other Liabilities- Liability In Respect Of Stale Cheques (₹5550)-അക്കൗണ്ട് ചെയ്തിരിക്കുന്ന തുക കൃത്യമായ ഹെഡിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-6 Beneficiary Contribution-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4: Beneficiary Contribution- മുൻവർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല.

### 1-1-7 നിക്ഷേപ പ്രവൃത്തികൾ- ബാലൻസ് തുകയുടെ കൃത്യത ഉറപ്പാക്കയിട്ടില്ല

ഷെഡ്യൂൾ ബി-18: Loans, Advances, Deposits- നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പിന്റെ കൃത്യമായ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-8 ചെലവുകൾ ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ഷെഡ്യൂൾ I-14 (B): അങ്കണവാടി അധിക വേതനം (ജി.ഒ. പ്രോജക്ട് പ്രകാരമുള്ളത്) - ലോൺ റീപേയ്മെന്റ് ഹെഡിൽ തെറ്റായി ബുക്ക് ചെയ്തു.

### 1-1-9 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വരവ് ചെലവ് കണക്കും വാർഷിക ധനകാര്യ പത്രിക I-14(F), I-6 എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കും തമ്മിൽ അന്തരമുണ്ട്.

### 1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-11 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-2 ബജറ്റ്

5369613 രൂപ മുന്നിരിപ്പും 196442742 രൂപ വരവും 195592342 രൂപ ചെലവും 6220013 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് 26.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 01.02.2023 തീയതിയിലെ 12(1)- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,34,50,846 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 4,28,59,743 | 13,51,01,736 |
| ആകെ വരവ് | 7,63,10,589 | -- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,14,37,272 | 13,29,63,911 |
| നീക്കിയിരിപ്പ് | 3,48,73,317 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 1,55,10,000 | 1,55,10,000 | 1,49,19,097 | -- | 5,90,903 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 41,02,000 | 41,02,000 | 37,52,821 | -- | 3,49,179 |
| വികസന ഫണ്ട് റ്റി.എസ്..പി | ,, | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 16,42,896 | 40,46,000 | 56,88,896 | 6,79,813 | 50,09,083 | -- |
| ,, (ക്യാരി ഓവർ വിഹിതം) | -- | 22,24,200 | 22,24,200 | -- | -- | 22,24,200 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 11,70,549 | 26,97,000 | 40,41,667 | 14,24,913 | 26,16,754 | -- |
| | പലിശ | 174118 | | | | |
| ,, (ക്യാരി ഓവർ വിഹിതം) | ഇല്ല | 317235 | 317235 | 280252 | -- | 36983 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 1,03,69,000 | 1,03,69,000 | 40,00,462 | -- | 63,68,538 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 48,15,000 | 48,15,000 | 32,82,137 | -- | 15,32,863 |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | ,, | 5,02,654 | 5,02,654 | -- | 5,02,654 | |
| സാക്ഷരത | 23,413 | 638 | 24,051 | -- | 24,051 | |
| ശുചിത്വ മിഷൻ | 26,51,190 | 1,50,000 | 28,01,190 | 11,98,580 | 16,02,610 | -- |
| വിമുക്തി | 34,920 | -- | 34,920 | 4,000 | 30,920 | -- |
| ലൈഫ്-സംസ്ഥാന വിഹിതം | -- | 65,60,000 | 65,60,000 | 2,40,649 | 63,19,351 | -- |
| ലൈബ്രറി ഗ്രാന്റ് | -- | 11,640 | 11,640 | 11,640 | 0 | -- |
| സാക്ഷരത | 23,413 | 638 | 24,051 | -- | 24,051 | -- |
| സമ്പൂർണ്ണ ശുചിത്വം | 84,000 | -- | 84,000 | -- | 84,000 | --- |
| ഐ.സി.ഡി.എസ്. | 3,78,210 | 8,25,464 | 12,03,674 | 69,495 | 11,34,179 | -- |
| എം.ജി.എൻ. ആർ.ജി.എസ് | 3,655 | 3,74,32,599 | 3,74,36,254 | 3,65,26,655 | 9,09,599 | -- |
| പൈക്ക | 101992 | -- | 101992 | -- | 101992 | -- |

## 1-4-1 ഗ്രാന്റ് വിനിയോഗം-സ്റ്റേറ്റ്മെന്റിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2,62,566 |
| ,, | അങ്കണവാടി അധിക വേതനം | 10,51,200 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 4,19,926 |

കുറിപ്പ്:- ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് ) ചെലവ്, സുലേഖ സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവയുമായി 59,160 രൂപയുടെ വ്യത്യാസമുണ്ട്. മാർച്ച് മാസത്തെ റിക്കവറി തുക, ഏപ്രിൽ 2023 ലാണ് അടച്ചിട്ടുള്ളത്. ആ വ്യത്യാസമാണ് നിലനിൽക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 158 | 10,06,99,002 | 102 | 4,21,59,051 | 56 | 64.56 |

2022-23-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 9 | 51,51,400 | 41,76,359 |
| 2 | സെക്രട്ടറി | 25 | 16 | 46,93,011 | 33,07,482 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4 | 2 | 14,34,274 | 9,99,993 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 12,40,286 | 12,25,955 |
| 5 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 1 | 3,78,000 | 80,000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 16 | 4,52,13,132 | 98,36,444 |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 15,95,000 | 10,68,907 |
| 8 | കൃഷി ഓഫീസർ | 5 | 4 | 1,35,25,000 | 1,00,72,175 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 8,10,000 | 4,96,977 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 30 | 2,42,77,274 | 87,69,634 |
| 11 | വെറ്റിനറി സർജൻ | 7 | 7 | 13,31,625 | 11,31,625 |
| 12 | ഹെഡ്മാസ്റ്റർ | 2 | 1 | 5,50,000 | 5,00,000 |
| 13 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 5,00,000 | 4,93,500 |
| | ആകെ | 158 | 102 | 10,06,99,002 | 4,21,59,051 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3655 | 3178673 | 3182328 | 2272729 | 909599 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 34253926 | 34253926 | 34253926 | 0 |
| ആകെ | 3655 | 37432599 | 37436254 | 36526655 | 909599 |

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീക്ലപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7,321,800 | 584 |
| വിധവാപെൻഷൻ | 8201400 | 712 |
| വാർദ്ധക്യകാല പെൻഷൻ | 20,512,200 | 1784 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,827,400 | 222 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 301,200 | 25 |
| തൊഴിൽരഹിത വേതനം | - | - |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 ന് 4.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34348 രൂപ (മുപ്പത്തിനാലായിരത്തി മുന്നൂറ്റി നാല്പത്തിയെട്ട് ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. വിവിധ മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലെ 20-11-2023 തീയതിയിലെ കണക്കുകളനുസരിച്ച് 273 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുകയും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാകുന്നുണ്ടോ പ്രസിഡന്റും ഭരണസമിതിയും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തുന്നില്ല.

3) വരുമാന വർദ്ധനവ്

തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

4) ആസ്തി രജിസ്റ്റർ – അപാകത

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും റോഡ് ഒഴികെയുള്ള മറ്റു എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്റർ പരിശോധനയാക്ക് ഹാജരാക്കിയില്ല. മറ്റുള്ള ആസ്തികളെ സംബന്ധിച്ച വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല . കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന റോഡുകൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടില്ല. റോഡുകളുടെ ആസ്തി രജിസ്റ്ററിൽ 2022-23 വരെ സൃഷ്ടിക്കപ്പെട്ടത് ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആസ്തി കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധാരാളം ഉത്തരവുകളിലൂടെ സർക്കാർ നൽകിയിട്ടും ആയത് പാലിക്കാത്തത് ഗുരുതരമായ വീഴ്ച്ചയാണ്. ആസ്തികൾ കാലികമാക്കി അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് .

അപാകങ്ങൾ പരിഹരിക്കുന്നതിനു അടിയന്തിര നടപടി കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

5) ഗ്രാമസഭാ പ്രവർത്തനം

ഗ്രാമസഭകളിൽ ജന പങ്കാളിത്തം കുറവായത് കാരണം നിയമപരമായ ക്വാറം ഇല്ലാതെയാണ് ഗ്രാമ സഭകൾ കൂടുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3A, 3B എന്നിവ പ്രകാരമുള്ള ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പഞ്ചായത്തിൽ നടപ്പിലാകുന്നില്ല. ഗ്രാമസഭാ മിനുട്ട്സുകൾ കൺവീനർമാർ സാക്ഷ്യപ്പെടുത്തുന്നില്ല. 2023 മേയ് മാസത്തിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭ അവസാനമായി കൂടിയിട്ടുള്ളത്. ഗ്രാമസഭ കൂടുന്നതിലും, മിനട്ട്സ് തയ്യാറാക്കുന്നതിലും, ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിലും ഗ്രാമസഭാ കൺവീനർമാർ വീഴ്ച് വരുത്തിയിട്ടുണ്ട് .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സെപ്റ്റംബർ 2017 | 2012-13 മുതൽ 2016-17 വരെ | 31-10-2017 |
| പെർഫോമൻസ് ഓഡിറ്റ് | 06.07.2022 മുതൽ 07.07.2022 വരെ | 01.22 മുതൽ 03.22 വരെ | 10.10.2022 |

## 1-11 തനത് വിഭവ സമാഹരണം- അവലോകനം

ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഒട്ടേറെ പ്രത്യേകതകൾ നിറഞ്ഞ, സമുദ്ര നിരപ്പിൽ നിന്നും താഴെ വെള്ളക്കെട്ടുകൾ നിറഞ്ഞ അപ്പർ കുട്ടനാട് മേഖലയിലെ ഒരു ഗ്രാമപ്രദേശമാണ് പെരിങ്ങര ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിലും ഈ സവിശേഷത പ്രകടമാണ്. സർക്കാർ ഗ്രാന്റിനു പുറമെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയ വരവിനങ്ങൾ ഉൾപ്പെട്ടതാണ് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്.

തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലുമുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 06/07/22 ലെ 3ാം നമ്പർ തീരുമാനത്തിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി, ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിശ്ചിത കാലയളവിൽ ഫീൽഡ് പരിശോധന നടത്തി അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം നടത്തുന്നതിനും പിഴ ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്- പിരിവ് പുരോഗതി അവലോകന യോഗങ്ങൾ നടത്തുന്നില്ല.

കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനം. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 768 കെട്ടിടങ്ങളാണ് വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

വിവിധ തനത് വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ വാർഷിക കണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 6780892 | 6275525 |
| 2 | തൊഴിൽ നികുതി | 1958050 | 1906150 |
| 3 | ലൈസൻസ് ഫീസ് | 437500 | 381400 (അഡ്വാൻസ് 47000) |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 147750 | 147750 |
| 5 | വാടക | 53548 | 53548 |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല.

വസ്തു നികുതി പരിഷ്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് 14.07.2023 ലെ 4(1)- ാം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് 14.08.2023 ൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്ത് അപ്ഡേഷൻ നടത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കി വരുന്നു. പുതുക്കിയ നിരക്കുകൾ പ്രകാരം സേവന നികുതി ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. സാധ്യമായ എല്ലാവഴികളും സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ബജറ്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കൽ -ഗുരുതരമായ നിയമലംഘനം

ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് ബജറ്റ് തത്വങ്ങൾ പാലിക്കാതെയാണ്. ഗ്രാമ പഞ്ചായത്തുകൾ അതാത് സാമ്പത്തിക വർഷം മാർച്ച് മാസം 31 ന് മുമ്പായി തൊട്ടടുത്ത വർഷത്തേക്കുള്ള ബജറ്റ് പാസാക്കിയിരിക്കേണ്ടതാണ്. GO(RT) 3291/16/LSGD തീയതി: 2-12-2016 പ്രകാരമുള്ള ബഡ്ജറ്റ് മാന്വലിൽ ബജറ്റ് തയ്യാറാക്കുന്ന വിധം, പാലിക്കേണ്ട നടപടിക്രമങ്ങൾ, ശ്രദ്ധിക്കേണ്ട മേഖലകൾ/വിഷയങ്ങൾ എന്നിവ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | സമയക്രമം |
|---|---|---|
| 1 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ആവശ്യപ്പെടൽ | ഡിസംബർ 15 ന് മുമ്പ് |
| 2 | നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15 ന് മുമ്പ് |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 22 ന് മുമ്പ് |
| 4 | ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ പ്രപ്പോസലുകൾ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 22 ന് മുമ്പ് |
| 5 | ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയിൽ കരട് ബജറ്റ് നിർമ്മാണംഅംഗീകരിക്കൽ,വിവിധ സ്റ്റാൻറ്റിംഗ് കമ്മിറ്റികളിൽ നിന്നുള്ള നോൺ പ്ലാൻ പ്രപ്പോസലുകള്,പദ്ധതി കണക്കുകൾ , ജനറൽ കമ്മിറ്റി അംഗീകരിച്ച മേഖലാ വിഭജന കണക്കുകളും ഉപയോഗിച്ച്. | മാർച്ച് 1 ന് മുമ്പ് |
| 6 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് | മാർച്ച് 7 ന് |

| | | |
|---|---|---|
| | കമ്മിറ്റി ചേരൽ. | മുമ്പ് |
| 7 | അന്തിമ ബജറ്റ് അംഗീകരിക്കുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ. | മാർച്ച് 31 ന് മുമ്പ് |

മേൽ പറഞ്ഞ നടപടികളിൽ നിന്നും ലഭിക്കുന്ന പദ്ധതി - പദ്ധതിയേതര വരവ് - ചെലവ് വിവരങ്ങൾ വിശകലനം ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചിത മാതൃകയിൽ ബജറ്റ് സ്റ്റേറ്റ്മെൻറ്, ബജറ്റ് ഷെഡ്യൂളുകൾ എന്നിവ തയ്യാറാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ഒരു നടപടികളും ബജറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് പെരിങ്ങര ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല. 2022-23 വർഷത്തേക്കുള്ള കരട് ബജറ്റിന്മേൽ തയ്യാറാക്കി വിശദമായ ചർച്ചകൾ നടത്തിയിട്ടില്ല. ബജറ്റ് സ്റ്റേറ്റ്മെന്റ്, ബജറ്റ് ഷെഡ്യൂളുകൾ, ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, ബജറ്റ് ഡോക്യുമെന്റ്, പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നിവ ഉൾപ്പെടുത്തി ബജറ്റ് മാന്വൽ നിർദ്ദേശ പ്രകാരമുള്ള ബഡ്ജറ്റ് തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു.

## 1-13 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ.ബുക്ക് നം.9195,9197,9198. )

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.9199 രസീത് നം.67 മുതൽ 100 വരെ,)

മേൽ സൂചിപ്പിച്ച അപാകങ്ങൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വാടക പിരിവ്-അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല.വാടകക്കാരുമായി മുദ്രപത്രത്തിൽ ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമപഞ്ചായത്തിന് കഴിയാതെ വരും. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെ കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണെന്ന് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06- നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറിയും ഒപ്പ് വച്ച ശേഷം ഇവ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണ്.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും

ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റോഫീസ്, ആല്ലംതുരുത്തി | II |
| 2 | മണലാടിൽ ഫ്യൂവൽസ് | I |
| 3 | എസ്.എസ്.ഹ്യൂണ്ടായ് | I |
| 4 | ബി.എസ്.എൻ.എൽ, തിരുവല്ല | I & II |
| 5 | റേഷൻ കടകൾ | I & II |
| 6 | അക്ഷയ കേന്ദ്രങ്ങൾ | I & II |
| 7 | ഹെൽത്ത്കെയർ ലബോറട്ടറി, ചാത്തങ്കരി | I & II |
| 8 | ആക്യുറേറ്റ് ഡയഗ്ണോസ്റ്റിക് സെന്റർ, പെരിങ്ങര | I & II |
| 9 | ഇൻഡ്യൻ ക്ലാസ്സിക്കൽ ആക്യുപംങ്ചർ, പെരുംതുരുത്തി | I & II |
| 10 | ആർട്ടിഫിഷ്യൽ ഡെന്റൽ മാനുഫാക്ചറിംഗ്, പെരിങ്ങര | I & II |
| 11 | ഡോയറ്റ് ഹൗസ് ആയുർവേദ ക്ലിനിക്, പെരുംതുരുത്തി | I & II |
| 12 | മെഡ് ലോഞ്ചസ് ഹെൽത്ത് കെയർ ലിമിറ്റഡ് | I & II |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | റേഷൻ കടകൾ | I & Ii |
| 2 | മേപ്രാൽ ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 3 | ചാത്തങ്കരി ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 4 | ആല്ലംതുരുത്തി ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |
| 5 | എസ്.ബി.ഐ, മേപ്രാൽ | Ii |
| 6 | ബി.എസ്.എൻ.എൽ, തിരുവല്ല | I & Ii |
| 7 | അക്ഷയ കേന്ദ്രങ്ങൾ | I & Ii |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ എറ്റെടുത്തു ചെയ്ത കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മോൺസൺ ഐസക്

2. ജയൻ ടി.ജെ

3. മനോജ് ജോസഫ്

4. ജൂലി ജോസഫ്

5. സി.വി.മാത്യു

6. ജെയിംസ് തോമസ്

7. ജോർജ്ജ് വി.മാത്യു

8. ബെനീഷ് ടോം ബാബു

9. ഗോപീ കൃഷ്ണ

10. ബിനോയി വി.പി

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

4.സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാതിരിക്കുന്നത് പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് പിരിവ് ചട്ട പ്രകാരമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. സഞ്ചയയിലെ ഡാറ്റ പ്രകാരം 786 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 291 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഇപ്രകാരം ഈടാക്കുന്നില്ല.റേഷൻ കടകളുടെ കൃത്യമായ വിവരം ശേഖരിച്ച് അവരുടെ തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. സംഘങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. മേപ്രാൽ ക്ഷീരോല്പാദക സഹകരണ സംഘം
2. ചാത്തങ്കരി ക്ഷീരോല്പാദക സഹകരണ സംഘം
3. ആലുംതുരുത്തി ക്ഷീരോല്പാദക സഹകരണ സംഘം

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | ഹെൽത്ത് കെയർ ലബോറട്ടറി, ചാത്തങ്കേരി |
| 2 | ആക്യുറേറ്റ് ഡയഗ്ണോസ്റ്റിക് സെന്റർ, പെരിങ്ങര |
| 3 | ആർട്ടിഫിഷ്യൽ ഡെന്റൽ മാനുഫാക്ചറിംഗ്, പെരിങ്ങര |
| 4 | ഇൻഡ്യൻ ക്ലാസ്സിക്കൽ ആക്യുപങ്ചർ, പെരുംതുരുത്തി |
| 5 | ഡോയറ്റ് ഹൗസ് ആയുർവേദ ക്ലിനിക്, പെരുംതുരുത്തി |

ഗ്രാമപഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1)–ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-2,14,812 രൂപ

മൊബൈൽ ടവറുകളുടെ 2022-23 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ 2,14,812/- രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | മൊബൈൽ ടവർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 2/226/UA | ബി.എസ്.എൻ.എൽ., മേപ്രാൽ | 2018-19 - 2022-23 | 120495 രൂപ |
| 2 | 6/185/A | ബി.എസ്.എൻ.എൽ,ടെലിഫോൺ എക്സ്ചേഞ്ച്, പെരുംതുരുത്തി | 2018-19 - 2022-23 | 32727 രൂപ |
| 3 | 9/397/A | ബി.എസ്.എൻ.എൽ, സെല്ലുലാർ ടവർ, പെരിങ്ങര | 2018-19 - 2022-23 | 61590 രൂപ |
| | | ആകെ | | 2,14,812 രൂപ |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം.15/16.11.2023) നൽകിയതിനു മറുപടിയായി, കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫീസ് തിരികെ ഈടാക്കിയിട്ടില്ല

2021 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 102850/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് തിരികെ ഈടാക്കിയിട്ടില്ല. ടെണ്ടർ ഫീസുകൾ ഒടുക്കുന്നതിന് പ്രത്യേകം അക്കൗണ്ടുകൾ തുടങ്ങണമെന്ന് സ.ഉ(സാധാ)3186/17/തസ്വഭവ ;2-10-2017 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതും 102850/- രൂപ ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ

100/200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിനു പകരം, ചെറിയ കെട്ടിടഭാഗങ്ങളായി തിരിച്ച്, അവയ്ക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തു നികുതി (60/70) | നിർണ്ണയിക്കേണ്ട വസ്തു നികുതി (90) |
|---|---|---|---|---|---|
| 1 | എം.ജെ.ജോർജ്ജ്, റെയ്ച്ചാ ജോർജ്ജ്, ജോൺസ് ബർഗ് പെരുംതുരുത്തി | 6/189 B, F,G,H,J,K,L,M,N,O,P | 304.48 | 18268.8 | 27403.2 |
| 2 | തോമസ് എബ്രഹാം, അന്നമ്മ തോമസ്, മണ്ണച്ചേരിൽ, പെരുംതുരുത്തി | 5/145/A,B,C,D,E,F,H,I,J,K | 948.86 | 67731.9 | 85397.4 |
| 3 | ജോർജ്ജ് കെ.വർഗ്ഗീസ് കൊടിയാട്ട് പെരുംതുരുത്തി | 6/309 A,B,C,D,E,F | 1360 | 95200 | 122400 |

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2) ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ പറയുന്നു. 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി 60 രൂപയും 100 ച.മീ ന മുകളിലുള്ളവയ്ക്ക് 70 രൂപയും, 200 ച.മീ വരെ 60 രൂപയും 200 ച.മീ ന മുകളിലുള്ളവയ്ക്ക് 90 രൂപയുമാണ് വസ്തു നികുതിയായി പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് ഒരേ ഉടമസ്ഥതയും ഉപയോഗക്രമവും ഉള്ളതിനാൽ ഉയർന്ന നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/ 20.11.2023) മറുപടിയായി, കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. വസ്തു നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ്- 16000 രൂപ തിരികെ ലഭിച്ചില്ല

2022 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയശേഷം സ്ഥലംമാറ്റം ലഭിച്ച 5 ജീവനക്കാരിൽനിന്നായി 28,000 രൂപ തിരികെ ലഭിയ്ക്കാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 04/13-11-2023). എൻക്വയറിക്ക് മറുപടിയായി, പ്രസ്തുത ജീവനക്കാരിൽ നിന്നും 12,000 രൂപ 2023-24 സാമ്പത്തിക വർഷം തിരികെ ലഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള തുക തിരികെ ഒടുക്കുവാനായി കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, തസ്തിക | ലഭിക്കാനുള്ള തുക | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| ശ്രീ. ഗണപതി എസ്. അസിസ്റ്റന്റ് സെക്രട്ടറി | 2000 | വിളക്കുടി ഗ്രാമപഞ്ചായത്ത് |
| ശ്രീ. ബിജു സി. സീനിയർ ക്ലർക്ക് | 8000 | ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് |
| ശ്രീ. ലീന എഫ്. സീനിയർ ക്ലർക്ക് | 6000 | പെരിങ്ങര ഗ്രാമപഞ്ചായത്ത് |

ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ, കൈപ്പറ്റുന്ന തുക 5 തുല്യ ഗഡുക്കളായി ഈടാക്കേണ്ടതാണെന്നും ആയത് ഫെബ്രുവരി 2023-നകം അടച്ച് തീർക്കേണ്ടതുമായിരുന്നു. തുക

അടിയന്തിരമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ച നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ച നൽകേണ്ടതും 144(4) പ്രകാരം തിരിച്ച നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 44,000 രൂപ അവശേഷിക്കുന്നുണ്ട്.

2) 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായ നിക്ഷേപങ്ങൾ വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. പ്രോജക്ട് അല്ലെങ്കിൽ ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-23 ഹോമിയോ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു

പെരിങ്ങര ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നം 1038593/12.01.23 പ്രകാരം ഹോംകോയിലേക്ക് 250000( രണ്ട് ലക്ഷത്തി അമ്പതിനായിരം ) രൂപ ഒടുക്കിയതിൽ 139940 രൂപയുള്ള മരുന്നുകൾ ലഭിച്ചു. 110060 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ഹോംകോയുമായി കരാർ വച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ലഭിക്കാനുള്ള മരുന്നുകൾ ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത

ഗ്രാമപഞ്ചായത്തിലെ 364 പൊതു ടാപ്പുകൾക്ക് 2022 മാർച്ച് വരെ 167228 രൂപയായിരുന്നു വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. വെള്ളക്കരം മുടക്കം കൂടാതെ ഒടുക്ക് വരുത്താത്തതിനാൽ 2022 മാർച്ച് മാസം വരെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന്റെ ബാധ്യത 2949873 രൂപയായിരുന്നു. ഏപ്രിൽ 2022 മുതൽ ഡിമാന്റ് തുക 175569 രൂപയായി ഉയർന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 12.07.2022 ലെ 6(1) നം. തീരുമാനപ്രകാരം 2022 ജൂലൈ 15,17,18 തീയതിയികളിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുണ്ടായിരുന്ന 364 ടാപ്പുകളുടെ എണ്ണം 127ആയി നിജപ്പെടുത്തി. സർക്കാർ നിർദ്ദേശ പ്രകാരം കാലാകാലങ്ങളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്ന കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനാൽ വർഷങ്ങളായി നിലവിലില്ലാത്ത പൊതുടാപ്പുകൾക്കായിരുന്നു പഞ്ചായത്ത് വെള്ളക്കരം നൽകി വന്നിരുന്നത്. യഥാസമയം സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കാതിരുന്നത് മൂലം 2023 മാർച്ച് മാസത്തെ കുടിശ്ശിക തുക 3884565 രൂപയാണ് . നിലവിൽ 127 ടാപ്പുകളുടെ പ്രതിമാസ ഡിമാന്റ് തുകയായ 154083 രൂപയാണ് തനതുഫണ്ടിൽ നിന്നും പഞ്ചായത്ത് ഒടുക്ക് വരുത്തുന്നത്. 2023 നവംബർ മാസത്തെ വെള്ളക്കരമിനത്തിൽ പഞ്ചായത്തിന്റെ ബാധ്യത 4051748 രൂപയാണ്. തനത് ഫണ്ടിലെ അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഗ്രാമപ്പഞ്ചായത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് പൊതുടാപ്പുകൾ പൂർണ്ണമായും റദ്ദ് ചെയ്യുന്നതിനും, വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി പിഴപലിശ ഒഴിവാക്കി വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിനുമുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-25 നെൽവിത്ത് വിതരണം-സബ്സിഡി തുക പാടശേഖരസമിതിയ്ക്ക് നൽകി

### സബ്സിഡി തുക പാടശേഖരസമിതിയ്ക്ക് നൽകി

പഞ്ചായത്തിലെ 25 പാടശേഖര സമിതികളുടെ പാടശേഖരങ്ങളിൽ വിതയ്ക്കുന്നതിന് വാങ്ങിയ നെൽവിത്തിന് സബ്സിഡി തുകയായി 18,96,343 രൂപ പെരിങ്ങര സർവീസ് കോപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. കൂടാതെ ശങ്കരപാടം പാടശേഖരസമിതി, ചങ്ങനാശേരി തെക്കേക്കര ബ്രദേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ

2100 Kg. മനരത്ത നെൽവിത്തിന് സബ്സിഡിയായി 36,120 രൂപ ബിൽ നം. 196/23.02.23 (BRN 35823/23.02.23) പ്രകാരം ശങ്കരപാടം പാടശേഖരസമിതി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഇതിനാധാരമായി സ്ഥാപനം പാടശേഖരസമിതിയ്ക്ക് നെൽവിത്ത് നൽകിയതിന്റെ ബില്ലാണ് ഹാജരാക്കിയിരിക്കുന്നത്. സ്ഥാപനത്തിന് മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം കൃഷിവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതാണോ എന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച എൻക്വയറിയ്ക്ക് പാടശേഖരസമിതി ടി സ്ഥാപനത്തിൽ നിന്ന് നേരിട്ടുവാങ്ങിയതിനാൽ സബ്സിഡി തുക പാടശേഖരസമിതിയ്ക്ക് നൽകിയെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇത് ക്രമപ്രകാരമായ നടപടിയല്ല.

പ്രോജക്ടുകളിൽ വാങ്ങലുകൾ ഉൾപ്പെടുമ്പോൾ ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങിയോ, ആ സ്ഥാപനത്തിന് സബ്സിഡി തുക കിഴിച്ചുള്ള വില വാങ്ങുന്നവർ നൽകുകയും, സബ്സിഡി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് സ്ഥാപനത്തിന് നല്കുകയും ചെയ്യേണ്ടതാണ്. അപാകത ആർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന നിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

എ)നിർമാണം പൂർത്തീകരിച്ചെങ്കിലും അവസാന ഗഡു നൽകിയില്ല.

| ഗുണഭോക്താവിന്റെ പേര് | ലഭിച്ച ഗഡുക്കൾ | ആകെ തുക |
|---|---|---|
| സതി, പ്രശാന്തൻ<br>കുന്നതറ | 40000( 19-20)<br>160000(19-20)<br>60000(21-22)<br>100000(21-22) | 360000 |
| പൊന്നമ്മ പി.സി | 40000 (19-20)<br>160000(19-20)<br>160000(20-21) | 360000 |
| തങ്കമ്മ താഴ്ച്ചപ്പടവിൽ | 1,60000(2021-22)<br>40000(2021-22)<br>100000(22-23) | 360000 |

ബി)ആദ്യഗഡു തുക 40000 രൂപ കൈപ്പറ്റിയ ശേഷം ഭവനനിർമാണം ആരംഭിച്ചിട്ടില്ലാത്തതും, ആദ്യഘട്ടം മാത്രം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കൾ

| ഗുണഭോക്താവിന്റെ പേര് | ലഭിച്ച തുക | ഭവന വിർമാണത്തിന്റെ ഘട്ടം |
|---|---|---|
| ശാന്തമ്മ കാഞ്ഞിരത്തുംമൂട് | 40000(2021-22) | ഭവനനിർമാണം ആരംഭിച്ചില്ല |
| അജികുമാർ പിപി, ബിന്ദു.സി.ആർ | 40000(2021-22) | ഭവനനിർമാണം ആരംഭിച്ചില്ല |
| സജിത്ത് കുമാർ ആറ്റുപാറയിൽ | 40000(2021-22) | ഭവനനിർമാണം ആരംഭിച്ചില്ല |
| ശ്രീകുട്ടൻ ഗിരീഷ്, ഗീതാമണി | 40000(21-22) | ആദ്യഘട്ടം പൂർത്തീകരിച്ചു |
| രഞ്ജിത്ത് കെ.ആർ, ബിൻസി | 40000(21-22) | ആദ്യഘട്ടം പൂർത്തീകരിച്ചു |

ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയോചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല; തുടർ നിരീക്ഷണം അനിവാര്യം

2017-18 മുതൽ 2021-22 വരെ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | വർഷം | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (80/22) | 2021-22 | KWA | 14,70,000 | 441027 |
| 2 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ( 168/22) | ,, | ,, | 3,90,600 | |
| 3 | ഇലക്ട്രിസിറ്റി ലൈൻ വലിക്കൽ-(79/22) | ,, | KSEB | 10,47,368 | |
| 4 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ-(81/22) | ,, | ,, | 4,46,150 | |
| 5 | ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (S0093/21) | 2020-21 | KWA | 14,60,000 | |
| 6 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ്-വൈദ്യുതി ലൈൻ നീട്ടൽ (S0108/21) | ,, | KSEB | 3,65,449 | |
| 7 | ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (S0014/20) | 2019-20 | KWA | 15,00,000 | 12,82,842 |
| 8 | 3-ാം വാർഡ്- തണങ്ങാട് കോളനിയിൽ പൈപ്പ്ലൈൻ വലിക്കൽ (S0151/20) | ,, | KWA | 77000 | |
| 9 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് – വൈദ്യുതി ലൈൻ നീട്ടൽ (S0013/20) | ,, | KSEB | 11,24,534 | |
| 10 | പൈപ്പ് ലൈൻ നീട്ടൽ S0008/18 | 2017-18 | KWA | 12,00,000 | |
| 11 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ -S0079/18 | ,, | KSEB | 11,70,625 | |
| 12 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ- S0278/18 | ,, | KSEB | 3,50,000 | |
| 13 | 5,6 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ-S0188/18 | ,, | KSEB | 1,03,785 | |
| 14 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 6-S0070/18 | ,, | KWA | 2,43,000 | |

| | | | | | |
|---|---|---|---|---|---|
| 15 | 3, 11 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ- S0073/18 | ,, | KSEB | 1,55,325 | |

2022-23-ലെ വാർഷിക നകാര്യ പത്രിക പ്രകാരം 42,39,624 രൂപ നിർവ്വഹണ എജൻസികളിൽ നിക്ഷേപമായി തുടരുന്നു. വാർഷിക കണക്കിലെ നീക്കിയിരിപ്പും യഥാർത്ഥ കണക്കുകളുമായി സാരമായ വ്യത്യാസം നിലനിൽക്കുന്നു. പദ്ധതികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾവിനിയോഗ രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരിന്നു (നം.21/17-11-2023). എൻക്വയറിക്ക് മറുപടിയായി ക്രമ 1, 2, 7 എന്നിവയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം തിരികെ ലഭിക്കാനുള്ള തുക ഈടാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് കഴിച്ച് തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും അറിയിക്കേണ്ടതാണ്.

## 1-28 നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ അവശേഷിക്കുന്നു

2022-23 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച 927458 രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി, വർഷം | തിരികെ ലഭിച്ച തുക |
|---|---|---|
| 1 | ചൂരപ്പറമ്പ് എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ -2017-18 | 228000 /-<br>06-07-2022 |
| 2 | വിവിധ പ്രോജക്ടുകളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക – 2017-18, 2019-20 | 699458/-<br>07-08-2022 |

ഗ്രാമപഞ്ചായത്തിന്റെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, നിക്ഷേപ പ്രവത്തികൾക്കു നൽകുന്ന തുക, നിർവ്വഹണ ഏജൻസികൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്നതു സംബന്ധിച്ചും തുക നിക്ഷേപിച്ചിട്ടും ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു എന്നത് സംബന്ധിച്ചും കൃത്യമായ വിവരം ഇല്ല. തിരികെ ലഭിച്ച തുകകൾ, എതൊക്കെ പദ്ധതികൾ പൂർത്തിയാക്കി മിച്ചം വന്ന തുകയാണെന്നുള്ള കൃത്യമായ വിവരവും പഞ്ചായത്തിന്റെ കൈവശം ഇല്ല.

വാട്ടർ അതോറിറ്റിയിൽ നിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ, കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കി വരുന്ന തുക, ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കിയ പദ്ധതികളുടെ തുക എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ട്. ഈ തുക ജലജീവൻ പദ്ധതിക്കായി സ്ഥലം കണ്ടെത്തൽ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം എന്നിവയ്ക്കായി ഉപയോഗിക്കാമെന്ന് 25-07-22 ലെ സ.ഉ. (സാധാ) നം.1785/2022/LSGD ഉത്തരവിൽ പ്രതിപാദിക്കുന്നു. തിരികെ ലഭിച്ച തുക ഇപ്രകാരം വിനിയോഗിക്കുകയോ സർക്കാരിലേക്ക് തിരിച്ചടയക്കുകയോ ചെയ്യേണ്ടതാണ്.

## 1-29 സ്മാർട്ട് അങ്കണവാടി നം.95 - മരാമത്ത് ജോലികൾ; എസ്റ്റിമേറ്റോ സാങ്കേതികാനുതിയോ ഇല്ലാതെ നടപ്പാക്കി

| | |
|---|---|
| പദ്ധതി അടങ്കൽ | 100000 |
| ഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

| | |
|---|---|
| ബിൽ നം./തീയതി | 22050752008301559826/29-03-2023 |

പെരിങ്ങര ഗ്രാമപഞ്ചായത്തിലെ 95-ാം നമ്പർ അങ്കണവാടി, സ്മാർട്ട് അങ്കണവാടിയാക്കി മാറ്റുന്നതിനായി (പ്രോജക്ട് നം. 160/23) അങ്കണവാടിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും പെയിന്റിംഗിനും ആർട്ട് വർക്കിനുമായി 2022-23 വർഷം 80,288 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 47,436 രൂപ വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതിനും 32,852 രൂപ പെയിന്റിംഗിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഉപകരണങ്ങൾ കോട്ടയം, പടവത്തിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേനയാണ് വാങ്ങിയിട്ടുള്ളത്. പെയിന്റിംഗ് ജോലികളും പ്രസ്തുത സ്ഥാപനത്തെ കൊണ്ടാണ് നിർവ്വഹിച്ചിട്ടുള്ളത് (അവർ സമർപ്പിച്ച ടെണ്ടർ പ്രകാരം (Rs.65/Sq.feet). എസ്റ്റിമേറ്റ് തയ്യാറാക്കാതെയും സാങ്കേതികാനുമതി വാങ്ങാതെയുമാണ് സ്ഥാപനത്തെകൊണ്ട് മേൽ പ്രവൃത്തി ചെയ്യിച്ചിട്ടുള്ളത്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം നടത്തേണ്ടത്. ചട്ടം 6 പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉണ്ടായിരിക്കണമെന്നും 7-ാം ചട്ടപ്രകാരം സാങ്കേതികാനുമതി ലഭിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരമല്ലാതെ യാതൊരു മരാമത്ത് പണികളും ആരംഭിക്കാൻ പാടുള്ളതല്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു. പ്രവൃത്തി പൂർത്തിയായ ശേഷം ഓവർസിയറെക്കൊണ്ട് വാല്യുവേഷൻ എടുത്ത് തുക നൽകുകയാണ് ഉണ്ടായത്. ഇപ്രകാരം പ്രവൃത്തി നടത്തിയത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ പ്രോജക്ടിൽ, നിലവിലുള്ള ആസ്തിയുടെ പുനരുദ്ധാരണ പ്രവർത്തനത്തിനുള്ള പ്രവൃത്തിയാണോയെന്നും പ്രോജക്ടിൽ സാധന സാമഗ്രികൾ വാങ്ങേണ്ടതുണ്ടോയെന്നും എതെങ്കിലും സ്ഥാപനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടാണോയെന്നുമുള്ള ചോദ്യങ്ങൾക്ക്, ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വിനിയോഗം കുറവ്-മെയിന്റനൻസ് ഗ്രാന്റ് 79 ലക്ഷം രൂപ ലാപ്സായി

വിനിയോഗത്തിലെ കുറവ് മൂലം റോഡ്/റോഡിതര ആസ്തികളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉപയോഗിക്കാമായിരുന്ന 79 ലക്ഷം രൂപ 2022-23 വർഷം ഗ്രാമപഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | ലാപ്സായത് (₹) | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ |
|---|---|---|---|---|---|
| റോഡ് | 10369000 | 4000462 | 6368538 | 27 | 12 |
| നോൺ റോഡ് | 4815000 | 3282137 | 1532863 | 21 | 15 |
| ആകെ | 15184000 | 7282599 | 7901401 | 48 | 27 |

ആകെ ലഭ്യമായ ഫണ്ടിന്റെ 47.96% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം (സ.ഉ.(കൈ)നം.79/2021/ധന., തീ. 15.07.2021) ചെലവഴിക്കാത്ത തുക പൂർണ്ണമായും ക്യാരി ഓവർ ചെയ്ത് ലഭിക്കില്ല. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളു.

വിനിയോഗത്തിലെ കുറവ് മൂലം 79 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായത് ഗൗരവതരമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു. മെയിന്റനൻസ് ഗ്രാന്റുകളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സംയുക്ത പദ്ധതിൾക്ക് ലഭിച്ച തുക വിനിയോഗിച്ചില്ല; തുക തിരിച്ചടയ്ക്കണം

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 32,27,698 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2022-23-ലെ വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിവരണം | തുക (₹) | വർഷം | തുക നൽകിയ തദ്ദേശ സ്ഥാപനം |
|---|---|---|---|---|
| 1 | നെൽകൃഷി വികസനം | 16,28,600 | 2016-17 | ജില്ലാ പഞ്ചായത്ത് |
| 2 | ,, | 7,76,469 | 2017-18 | ,, |
| 3 | അനുപൂരക പോഷകാഹാര പദ്ധതി | 31,254 | 2017-18 | ,, |
| 4 | ഗാർഹിക കുടിവെള്ള കണക്ഷൻ | 2,32,500 | 2017-18 | ബ്ലോക്ക് പഞ്ചായത്ത് |
| 5 | ഭവന പുനരുദ്ധാരണം | 68,000 | 2017-18 | ,, |
| 6 | ലൈഫ് ഭവന പദ്ധതി | 4,90,875 | 2018-19 | ,, |
| | Total | 32,27,698 | | |

തുക ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പണം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമ വിരുദ്ധമായ സംഗതിയാണ്. സംയുക്ത പദ്ധതിക്ക് ലഭിക്കുന്ന തുക അതത് വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇപ്രകാരം തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/17-11-2023), തുക കഴിയുന്നതും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ്

പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള കാരയ്ക്കൽ സ്വാമിപാലം റോഡിൽ 20 ജി.ഐ പോസ്റ്റുകൾ (Laging Overhead Optical Fibre Cable) സ്ഥാപിക്കുന്നതിനായി സുഗമ പോർട്ടൽ വഴി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ROW/1050891/57731 നംപർ അപേക്ഷ സമർപ്പിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ 12 ജി.ഐ പോസ്റ്റുകൾക്കുള്ള റീസ്റ്റോറേഷൻ ചാർജ് മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 12 ജി.ഐ പോസ്റ്റുകൾക്കുള്ള റീസ്റ്റോറേഷൻ ചാർജ്ജായി 38148/- രൂപ രസീത് നംപർ 1220104715 /3-2-2023 പ്രകാരം ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 20 ജി.ഐ പോസ്റ്റുകളുടെ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിനു പകരം 12 എണ്ണത്തിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് മാത്രമാണ് കണക്കാക്കിയത്.

റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| റോഡിന്റെ തരം | ഈടാക്കേണ്ടിയിരുന്നത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| 20 Mm Open Graded Chipping Carpet<br>നീളം – 20 M<br>വീതി – 0.60 M<br>കണക്കാക്കേണ്ട വീതി – 1m<br>റീസ്റ്റോറേഷൻ നിരക്ക് – 3179.04 | 20x1x3179.04<br>63580.08 | 12x1x3179.04<br>38148.48 | 25432 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/19.11.2023) മറുപടിയായി 8 GI പോളിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ പിഴവ് മൂലം ഗ്രാമപഞ്ചായത്തിന് 25432.32/- രൂപയുടെ വരവ് നഷ്ടമുണ്ടായി. തുക അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് - 25432.32/- രൂപയുടെ വരവ് നഷ്ടം

പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള കാരയ്ക്കൽ-സ്വാമിപാലം റോഡിൽ 20 ജി.ഐ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി സുഗമ പോർട്ടൽ വഴി ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ROW/1050891/57731 നംപർ അപേക്ഷ സമർപ്പിച്ചിരുന്നു. അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 12 ജി.ഐ പോസ്റ്റുകൾക്കുള്ള റീസ്റ്റോറേഷൻ ചാർജ് മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 38148/- തുക രസീത് നംപർ 1220104715 /3-2-2023 പ്രകാരം ഒടുക്കുകയും ചെയ്തിട്ടുണ്ട്. റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ എട്ട് പോസ്റ്റുകൾക്കുള്ള ചാർജ് കണക്കാക്കാതിരുന്നതുമൂലം റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ 25432.32/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

റീസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ കുറവ് വന്നതിന്റെ വിശദാംശം ഖണ്ഡിക 1-32 ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 70,77,175 | സമഗ്ര നെൽകൃഷി വികസനം (എസ് 0058/23) | 70,77,175 | ഇല്ല |
| ,, | 19,60,000 | ലൈഫ് ഭവന പദ്ധതി-ജനറൽ (എസ് 0044/23) | 19,60,000 | ,, |
| ,, | 1,60,000 | അങ്കണവാടി പോഷകാഹാര പദ്ധതി (എസ് 0015/23) | 1,60,000 | ,, |
| ,, | 75,977 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ് 0071/23) | 75,977 | ,, |
| പുളിക്കീഴ് ബ്ലോക്ക്പഞ്ചായത്ത് | 75,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 75,000 | ,, |

| | | | | |
|---|---|---|---|---|
| | | (എസ് 0015/23) | | |
| ,, | 1,10,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ് 0045/23) | 1,10,000 | ,, |
| ,, | 60,288 | സ്മാർട്ട് അങ്കണവാടി നം.95 (എസ് 0160/23) | 60,288 | ,, |
| ,, | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ് 0071/23) | 1,00,000 | ,, |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. കൂടാതെ മുൻവർഷം ലൈഫ് ഭവന പദ്ധതിക്കായി എടുത്ത വായ്പ അടച്ച് തീർത്തിട്ടുള്ളതുമാണ്. എങ്കിലും ഈ ഓഡിറ്റ് വർഷവും വായ്പ തിരിച്ചടവിലേക്കായി സ്രോതസ്സിൽ നിന്നും 6,82,492 സർക്കാർ കുറവ് ചെയ്തിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 |
| ആകെ | 1,00,00,000 |
| തൻവർഷം പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|
| കേരള ബാങ്ക്, പെരിങ്ങര (A/C No.60/201/235) | 26/07/2022 | 26/07/2023 | 1,00,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,51,01,736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,29,63,911 |
| വരവിനങ്ങളിലുള്ള നഷ്ടം | 25,432 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-32,2-1 | 25432 /- | | സീമ കെ എസ് [അസി:എഞ്ചിനീയർ] ശ്രീനിലയം,കിഴവൂർ, മുഖത്തല.പി.ഒ, കൊല്ലം |

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീമ കെ എസ്, അസി:എഞ്ചിനീയർ | അസി:എഞ്ചിനീയർ പെരിങ്ങര ഗ്രാമപഞ്ചായത്ത് | ശ്രീനിലയം,കിഴവൂർ, മുഖത്തല.പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| നമ്പർ | ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1 | 2000-01 | എൽ.എഫ്.പി.റ്റി.എ.പി.4- 199/03 തീയതി 08.10.2004 | 1 (3-68) |
| 2 | 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 (10, 11, 12, 13, 14, 3 (ഡി)) |
| 3 | 2003-04 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07 തീയതി 31.03.08/15.05.08 | 1 (2-9) |
| 4 | 2004-05 | എൽ.എഫ്.പി.റ്റി.എ.പി5-40/08, 30.09.2008 | 1 (3-4) |
| 5 | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08 തീയതി 30.06.09 | 1 (3-7) |
| 6 | 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08 തീയതി 22.06.09 | 2 (3-2, 3-3) |
| 7 | 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/ തീയതി 04.08.09/20.08.2010 | 6 (3-10, 3-12, 3-13, 3-14, 3-17, 3-18) |
| 8 | 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11 തീയതി 05.08.11/03.05.2014 | 7 (2-1(3), 2-2, 3-7, 3-8, 3-9, 3-11, 3-14) |
| 9 | 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13 തീയതി 11.09.13/03.05/14 | 14 ( 2-1, 3-1, 3-3, 3-4, 3-10, 3-11, 3-15, 3-16, 3-17, 3-8, 3-9, 3-12, 3-13, 3-14) |
| 10 | 2011-12 | എൽ.എഫ്.പി.റ്റി.എ.പി11-426/13 തീയതി 11.09.13/03.05/14 | 6 (1-1, 3-2, 3-9, 2-2(സി), 3-3, 3-4) |
| 11 | 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14 തീയതി 16.01.15/09.02.15 | 7 (2-2(എ), (ബി), (സി) ,(ഡി), 3-1, 3-2, 3-3) |
| 12 | 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15 തീയതി 04.12.15/08.12.15 | 3 (3-3, 3-5, 3-11) |
| 13 | 2015-16 | കെ.എസ്.എ.പി.റ്റി.എ പി.4-1380/16 തീയതി 12.01.2017 | 16 (3-1, 3-13, 3-15, 3-16, 3-17, 3-18, 3-19, 3-5, 3-7, 3-11, 3-13, 3-15, 3-16, 3-17, 3-18, 3-19) |
| 14 | 2016-17 | കെ.എസ്.എ.പി.റ്റി.എ പി.4-824/17 തീയതി, 04.08.2017 | 11 (3-1, 3-8(3), 3-8(4), 3-3, 3-4, 3-5, 3-6, 3-7, 3-8(1), (2), 3-9) |
| 15 | 2017-18 | കെ.എസ്.എ.പി.റ്റി.എ പി.4-99/19 തീയതി 20.02.2019 | 12 ( 2-1, 2-2, 2-3, 3-2, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 16 | 2018-19 | കെ.എസ്.എ.പി.റ്റി.എ പി.4-715/19 തീയതി 08.08.2019 | 13 ( 2-2, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-8, 3-9, 3-12, 3-13) |
| 17 | 2019-20 | കെ.എസ്സ്.എ.പി.റ്റി.എ/പി4-/251/2022 തീയതി 11.03.2022 | 11 (1-11(ബി), (സി), (ഡി), 1-12(3), 1-13, 1-14, 1-15, 1-16, 1-18, 1-20, 1-21) |
| 18 | 2020-21 | കെ.എസ്സ്.എ.പി.റ്റി.എ/പി4 /252/2022 തീയതി 04.04.2022 | എല്ലാ ഖണ്ഡികകളും |
| 19 | 2021-22 | കെ.എസ്സ്.എ.പി.റ്റി.എ/പി4 /271/2023 തീയതി 28.03.2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 22 dated 30-06-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the PERINGARA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PERINGARA Grama Panchayat for the year 2022-2023

Date: 29/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PERINGARA Grama Panchayat for the Year 2022-2023 .

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on accounts and ratios prescribed in accountingrules are not submitted for audit.
2. Cash flow statement-Net increase/decrease in cash flow does not match with the difference between the OB and CB.
3. Schedule B-7: Unclaimed Deposits for more than three years were not forfeited and transferred to revenue

head.

4. Lapses in making timely and accurate demand entries in respect of tax and non tax revenue.
5. NREGA- Income and Expenditure booked does not match with the actual amount.
6. Deposit Work- Registers were not kept in order and not reliable for audit.
7. Liability in respect of Stale Cheque- Balance amount has not been transferred to revenue head.
8. The outstanding balance of Beneficiary contribution A/c is not accurate and reliable for audit.
9. Expenses were not booked in appropriate heads.
10. There are no supporting documents to substantiate the journal vouchers recorded.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്